ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിലേക്ക് ട്രാൻസ്ഫർ മുഖേന നിയമനം

20(1824) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിലെ നിയമവകുപ്പിൽ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിലേക്ക് ട്രാൻസ്ഫർ മുഖേന നിയമനം നൽകുന്നതിനായുള്ള റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ റാങ്ക് ലിസ്റ്റിൽനിന്നും എത്രപേരെ ഇതിനകം നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഈ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) റാങ്ക് ലിസ്റ്റിന്റെ കാലാവധി എത്രകാലമാണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിലവിലുണ്ട്.

(ബി) 8 പേരെ നിയമിച്ചിട്ടുണ്ട്.

(സി) 2-5-2000-ലാണ് നിലവിൽവന്നത്.

(ഡി) ടി റാങ്ക് ലിസ്റ്റ് കുറഞ്ഞത് ഒരു വർഷവും ഒരു വർഷത്തിനുശേഷം ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുവരേയോ അല്ലെങ്കിൽ മൂന്നു വർഷമോ ഇതിൽ ഏതാണ് ആദ്യം സംഭവിക്കുന്നത് അതുവരെ പ്രാബല്യത്തിലുണ്ടായിരിക്കും.

നിയമവകുപ്പിലെ തസ്തികൾ

21(1825) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിലെ നിയമവകുപ്പിൽ ലീഗൽ അസിസ്റ്റന്റ്, സെക്ഷൻ ഓഫീസർ, മറ്റ് ഉന്നത ഓഫീസർമാർ എന്നീ വിഭാഗങ്ങളിൽ ഓരോന്നിലും എത്ര ഉദ്യോഗസ്ഥർ വീതമുണ്ട് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിയമവകുപ്പിൽ എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചു ; കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഓരോ വിഭാഗത്തിലുമുള്ള ഉദ്യോഗസ്ഥരുടെ എണ്ണം താഴെച്ചേർക്കുന്നു.

1.	ലീഗൽ അസിസ്റ്റന്റ്	53
2.	സെക്ഷൻ ഓഫീസർ	22
3.	അണ്ടർ സെക്രട്ടറി	10

LIBRARY ARCHIVES Kerala Legislative Assembly